LIBRARY ARCHIVES Kerala Legislative Assembly

കേരള ദിനേശ് ബീഡി സഹകരണ സംഘത്തിന്റെ കെട്ടിടം വാങ്ങാൻ നടപടി

181 (247) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ദിനേശ് ബീഡി തൊഴിലാളി കേന്ദ്ര സഹകരണ സംഘത്തിന്റെ ഏതെങ്കിലും കെട്ടിടം വില്പന നികുതി വകുപ്പിന് വിലയ്ക്ക് നൽകുന്നതിനുള്ള നിർദ്ദേശം നിലവിലുണ്ടോ ;

(ബി) ഈ വിഷയത്തിൽ ധനകാര്യ വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(സി) വില്പന നികുതി വകുപ്പ് ഈ കെട്ടിടം വാങ്ങുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) എങ്കിൽ കെട്ടിടം വാങ്ങാനുള്ള നടപടി അടിയന്തരമായി പൂർത്തിയാക്കുമോ ?

ഉത്തരം

(എ-ഡി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

പുതുതായി സ്ഥാപിച്ച സബ് ട്രഷറികൾ

182 (248) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര സബ് ട്രഷറികൾ പ്രവർത്തിക്കുന്നുണ്ട് ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പുതിയ സബ് ട്രഷറികൾ സ്ഥാപിച്ചുവെന്നും എവിടെയൊക്കെയാണെന്നും വിശദമാക്കുമോ ;

(സി) സബ് ട്രഷറികൾ സ്ഥാപിക്കുമ്പോൾ ആ ട്രഷറിയിൽ ഏതെല്ലാം ജോലികൾ ചെയ്യണമെന്ന് നിഷ്കർഷിക്കാറുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) ഏതെങ്കിലും സബ് ട്രഷറിയിൽ പെൻഷൻ വിതരണം ഒഴിവാക്കിയോ, പെൻഷൻ സ്ളാബ് അടിസ്ഥാനത്തിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയോ, മറ്റ് പ്രവർത്തനങ്ങൾ മാത്രം നടത്തുവാൻ സ്ഥാപിച്ചിട്ടുണ്ടോ ;

(ഇ) എങ്കിൽ പ്രസ്തുത സബ് ട്രഷറികൾ സ്ഥാപിച്ച സ്ഥലങ്ങളും സ്ഥാപിക്കാനുണ്ടായ കാരണങ്ങളും വിശദമാക്കുമോ ;

(എഫ്) ഇങ്ങനെ ഉത്തരവ് പുറപ്പെടുവിക്കാൻ അധികാരപ്പെടുത്തുന്ന നിയമത്തിന്റെ പ്രസക്ത ഭാഗങ്ങളുടെ പകർപ്പ് ലഭ്യമാക്കുമോ ;

(ജി) പെൻഷൻ വിതരണത്തിനുമാത്രമായി എത്ര ട്രഷറികൾ സ്ഥാപിച്ചിട്ടുണ്ടെന്നും ഏതെല്ലാമാണെന്നും ഇതിൽ വൺമാൻ ട്രഷറികൾ എത്രയെണ്ണമുണ്ടെന്നും അറിയിക്കുമോ ;

(എച്ച്) സബ്ട്രഷറികൾ ആരംഭിക്കുന്നതിന് മാനദണ്ഡങ്ങൾ നിഷ്കർഷിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഐ) ഒരു സബ് ട്രഷറിയിൽ പെൻഷൻ വിതരണത്തിനുവേണ്ടി നിഷ്കർഷിച്ചിട്ടുള്ള അടിസ്ഥാന സൗകര്യങ്ങൾ വിശദമാക്കുമോ ; സംസ്ഥാനത്തെ എല്ലാ സബ് ട്രഷറികളിലും ഈ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 182 സബ് ട്രഷറികൾ സംസ്ഥാനത്ത് ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 15 പുതിയ സബ് ട്രഷറികൾ ആരംഭിച്ചിട്ടുണ്ട്.

1. ചവറ സബ് ട്രഷറി
2. പൂയപ്പള്ളി സബ് ട്രഷറി
3. ചടയമംഗലം സബ് ട്രഷറി
4. പുലാമന്തോൾ സബ് ട്രഷറി
5. മുക്കം സബ് ട്രഷറി
6. പയ്യോളി സബ് ട്രഷറി
7. പള്ളുരുത്തി സബ് ട്രഷറി
8. പെരുനാട് (റാന്നി) സബ് ട്രഷറി
9. ചേർപ്പ് സബ് ട്രഷറി
10. വാളയാർ ചെക്ക് പോസ്റ്റ് ട്രഷറി
11. നടപ്പുണ്ണി ചെക്ക് പോസ്റ്റ് ട്രഷറി
12. ഗോപാലപുരം ചെക്ക് പോസ്റ്റ് ട്രഷറി
13. മഞ്ചേശ്വരം ചെക്ക് പോസ്റ്റ് ട്രഷറി
14. തലശ്ശേരി പെൻഷൻ പേയ്മെന്റ് ട്രഷറി
15. മലമ്പുഴ സബ് ട്രഷറി

(സി) ഓരോ ട്രഷറിയും പ്രവർത്തിക്കുന്ന സ്ഥലത്തെ ആവശ്യങ്ങൾ പരിഗണിച്ച് പൊതുജനങ്ങൾക്കും സ്ഥാപനങ്ങൾക്കും സൗകര്യപ്രദമായി ഇടപാടുകൾ നടത്തുന്നതിനുവേണ്ടി ഓരോ ട്രഷറികളിലെയും ഇടപാടുകൾ ക്രമീകരിക്കാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഉണ്ട്. സർക്കാർ നോട്ടിഫിക്കേഷനിലൂടെ ഇത്തരം കാര്യങ്ങൾ ക്രമീകരിക്കുകയാണ് പതിവ്.

(ഇ) ചെക്ക് പോസ്റ്റ് ട്രഷറികൾ : വാളയാർ ചെക്ക് പോസ്റ്റ് ട്രഷറി, നടപ്പുണ്ണി ചെക്ക് പോസ്റ്റ് ട്രഷറി, ഗോപാലപുരം ചെക്ക് പോസ്റ്റ് ട്രഷറി, മഞ്ചേശ്വരം ചെക്ക് പോസ്റ്റ് ട്രഷറി, എന്നീ ട്രഷറികൾ കമേഴ്സ്യൽ ടാക്സസ് ചെക്ക് പോസ്റ്റിലെ സാമ്പത്തിക ഇടപാടുകൾ നടത്തുന്നതിനുവേണ്ടി സ്ഥാപിച്ചിരിക്കുന്നു.

മണൽ വിതരണത്തിനുള്ള ട്രഷറി : മലമ്പുഴ സബ് ട്രഷറി-മലമ്പുഴ ഡാമിലെ മണലിന്റെ വിതരണത്തിന്റെ സാമ്പത്തിക ഇടപാടുകൾക്കുവേണ്ടി സ്ഥാപിച്ചിരിക്കുന്നു.

(എഫ്) സർക്കാരിൽ നിക്ഷിപ്തമായിട്ടുള്ള അധികാരങ്ങൾ ഉപയോഗിച്ച് അതാത് സ്ഥലത്തെ ആവശ്യങ്ങൾക്ക് അനുസരണമായി തീരുമാനങ്ങൾ എടുക്കുകയാണ് പതിവ്.

(ജി) പെൻഷൻ വിതരണത്തിനു മാത്രമായി 7 സബ് ട്രഷറികൾ സ്ഥാപിച്ചിട്ടുണ്ട്.

1. പെൻഷൻ പേയ്മെന്റ് സബ് ട്രഷറി, തിരുവനന്തപുരം.
2. പെൻഷൻ പേയ്മെന്റ് സബ് ട്രഷറി, നെയ്യാറ്റിൻകര.
3. പെൻഷൻ പേയ്മെന്റ് സബ് ട്രഷറി, കൊല്ലം.
4. പെൻഷൻ പേയ്മെന്റ് സബ് ട്രഷറി, ആലപ്പുഴ.
5. പെൻഷൻ പേയ്മെന്റ് സബ് ട്രഷറി, എറണാകുളം.
6. പെൻഷൻ പേയ്മെന്റ് സബ് ട്രഷറി, കോഴിക്കോട്
7. പെൻഷൻ പേയ്മെന്റ് സബ് ട്രഷറി, തലശ്ശേരി

വൺമാൻ ട്രഷറികൾ പ്രത്യേക സബ് ട്രഷറികൾ അല്ല. ബന്ധപ്പെട്ട സബ് ട്രഷറിയുടെ എക്സ്റ്റൻഷൻ കൗണ്ടർ മാത്രമാണ്.

(എച്ച്) ഔദ്യോഗികമായോ, ഭരണപരമായോ, ഉണ്ടാകുന്ന ആവശ്യങ്ങൾക്കനുസൃതമായി പുതിയ സബ് ട്രഷറികൾ തുടങ്ങാറുണ്ട്.

(ഐ) പെൻഷൻ വിതരണം പി.ടി.എസ്.ബി വഴിയാണ്. (മണിയോർഡർ പെൻഷൻ ഒഴികെ). ഇതിനായി ടെല്ലർ കൗണ്ടറുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. പെൻഷൻ വിതരണം ചെയ്യുന്ന എല്ലാ സബ് ട്രഷറികളിലും ടെല്ലർ കൗണ്ടർ പ്രവർത്തിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly